ശ്രീ. എം. പി. ഗോവിന്ദൻ നായർ : അങ്ങനെ എക്സ്റേ മെഷീൻ വാങ്ങുന്നതിനല്ല പോയതു്. കേടുവന്ന X-ray machine നന്നാക്കുന്നതിനു ഒരു മെഷീൻ (ഡോസീമീറർ) അതു് ഒരു കമ്പനിയിൽനിന്നും തൽക്കാലത്തേക്കു കടമായി വാങ്ങിച്ചു എന്നേയുള്ളൂ. ആ ഉപകരണം തിരിച്ചുകൊടുക്കുകയും ചെയ്തു. അതിലേക്കു് യാതൊരു സംഖ്യയും പ്രത്യേകമായിട്ടു ചെലവഴിച്ചിട്ടില്ല.

ഹരിജനക്ഷേമപ്രവർത്തനത്തിനു് കൂടുതൽ തുക ചെലവഴിക്കുന്ന താലൂക്കു്

* 874. [16] ശ്രീ. പി. സി. ആദിച്ചൻ: താഴെ കാണുന്ന പോദ്ധങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) കേരളത്തിൽ ഏതു താലൂക്കിലാണു് ഏറ്റവും കൂടുതൽ തുക ഹരിജനക്ഷേമപ്രവർത്തനത്തിനു ചെലവാക്കുന്നതു് :

(ബി) പ്രസ്തുത താലൂക്കിൽ എത്ര സ്ഥാപനങ്ങളുണ്ടു് ;

(സി) ഏറ്റവും കുറഞ്ഞ തുക ചെലവാക്കുന്ന താലൂക്കു് ഏതാണു് ; അവിടെ എത്തെല്ലാം സ്ഥാപനങ്ങളുണ്ടു് ;

(ഡി) ഏറ്റവും കൂടുതൽ ജോലിയും സ്ഥാപനങ്ങളുമുള്ള താലൂക്കിൽ പ്രവർത്തന സൗകര്യത്തെ പരിഗണിച്ചു് രണ്ടായിതിരിച്ചു് രണ്ടു് താലൂക്കു് ഇൻസ്പെക്ടർമാരെ നിയമിക്കാൻ ദയവുണ്ടാകുമോ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) കൊട്ടാരക്കര താലൂക്കിൽ.

(ബി) 31 സ്ഥാപനങ്ങളുണ്ടു്.

(സി) കുന്നത്തുനാടു് താലൂക്കു് പെരുമ്പാവൂർ. അവിടെ സ്ഥാപനങ്ങളൊന്നും ഇല്ല.

(ഡി) ഇതു് ആവശ്യമുണ്ടെന്നു ഗവണ്മെൻറു കരുതുന്നില്ല.

ശ്രീ. പി. സി. ആദിച്ചൻ: ഏറ്റവും കൂടുതൽ തുക ഹരിജനക്ഷേമപ്രവർത്തനത്തിനായി ചെലവഴിക്കുന്ന കൊട്ടാരക്കര താലൂക്കിൽ എത്ര തുകയാണു് ചെലവഴിക്കുന്നതെന്നു പറയാമോ ?

ശ്രീ. കെ. കുഞ്ഞമ്പു: 1962–63-ൽ 1,84,251 രൂപ അതിലേക്കു് ചെലവായിട്ടുണ്ടു്. ഇക്കൊല്ലവും ആ തുക തന്നെ ചെലവാകുമെന്നു പ്രതീക്ഷിക്കുന്നു. പെരുമ്പാവൂരിനെ സംബന്ധിച്ചിടത്തോളം ഉള്ള കണക്കു് എന്റെ കൈവശമില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഈ പ്ലാൻ അനുസരിച്ചുള്ള പ്രവർത്തനങ്ങൾക്കായി ഡിസ്ട്രിക്കു് വൈസും താലൂക്കു വൈസുമായി പണം നീക്കിവയ്ക്കുമ്പോഴും അവിടത്തെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ പണം നീക്കിവയ്ക്കുവാൻ ഗവണ്മെൻറു് ആലോചിക്കുമോ ?

ശ്രീ. കെ. കുഞ്ഞമ്പു; ആലോചിക്കാം.

ശ്രീ. പി. സി. ആദിച്ചൻ : പെരുമ്പാവൂർ ഹരിജനക്ഷേമപ്രവർത്തനങ്ങൾ വളരെ കുറവായതുകൊണ്ടു് അവിടെ ശമ്പളം മാത്രം കൊടുത്തുകൊണ്ടു് ഒരു ഉദ്യോഗസ്ഥനെ വച്ചിരിക്കുന്നതിനു് വല്ല പ്രത്യേക കാര്യവുമുണ്ടോ ; ആ ഉദ്യോഗസ്ഥനെ ഏറ്റവും കൂടുതൽ ജോലിയുള്ള കൊട്ടാരക്കര താലൂക്കിലേക്കു് നിയമിച്ചുകൂടെ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുഞ്ഞമ്പു: അങ്ങനെ ഒരു താലൂക്കിൽ രണ്ടു ഇൻസ്പെക്ടർമാരെ നിയമിക്കുന്നതിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ടു് അങ്ങനെ ചെയ്യേണ്ട ആവശ്യമില്ല. ചില താലൂക്കുകളിൽ ജോലി കുറവായിരിക്കും. മറ്റു ചില താലൂക്കുകളിൽ അൽപ്പം ജോലി കൂടുതലായിരിക്കും. ഏതായിരുന്നാലും രണ്ടു് ഇൻസ്പെക്ടർമാരെ വയ്ക്കണമെന്നു് ഗവണ്മെന്റു് വിചാരിക്കുന്നില്ല.

ഫ്രീ പാസ്സുകൾ

* 875. [17] ശ്രീ. പാറയിൽ ഷംസുദീൻ: താഴെ കാണുന്ന ചോദ്യത്തിനു് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്റ്റേറ്റു ട്രാൻസ്പോർട്ടു് ബസ്സുകളിൽ ഫ്രീ പാസ്സുകൾ ആക്കെല്ലാമാണു് നൽകിയിട്ടുള്ളതു് ?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

ബഹുമാനപ്പെട്ട എം. പി. മാർ, എം. എൽ. എ. മാർ, തിരുവനന്തപുരം പട്ടണത്തിലുള്ള അക്രെഡിറ്റഡു് പത്രപ്രതിനിധികൾ, ഭാരതു് സേവകു് സമാജിന്റെ ഓഫ്ഗ്നൈസറന്മാർ, ആൾ ഇൻഡ്യാ റേഡിയോവിലെ ഒരു പ്രതിനിധി, 6 മാസത്തിനുമേൽ സർവ്വീസുള്ള സ്റ്റേറ്റു ട്രാൻസ്പോർട്ടിലെ ഉദ്യോഗസ്ഥന്മാർ എന്നിവർക്കു് ഫ്രീ പാസ്സുകൾ നൽകുന്നുണ്ടു്.

ശ്രീ. പാറയിൽ ഷംസുദീൻ: ഇങ്ങനെ ഫ്രീ പാസ്സുകൾ കൊടുത്തിട്ടുള്ളതിന്റെ എണ്ണം എത്രയാണു് എന്നു പറയാമോ ?

ശ്രീ. കെ. ടി. അച്യുതൻ: അതിന്റെ വിവരം ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: ട്രാൻസ്പോർട്ടു് ജീവനക്കാർക്കു് സൗജന്യമായി യാത്ര ചെയ്യാൻ നൽകിയിരുന്ന അനുവാദത്തിൽ വല്ല കുറവും വരുത്തിയിട്ടുണ്ടോ; അവർക്കുള്ള ഈ ആനുകൂല്യം വെട്ടിച്ചുരുക്കിയിട്ടുള്ളതു് വീണ്ടും അനുവദിച്ചുകൊടുക്കുന്നതിനായി അവർ വല്ല നിവേദനവും സമർപ്പിച്ചിട്ടുണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ: അവർക്കു് കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യങ്ങളിൽ വലിയ കുറ്റങ്ങൾ ഒന്നും ഉണ്ടാക്കിയതായി അറിവില്ല. കൂടുതൽ സൗകര്യങ്ങളും കിട്ടണം എന്നു് അവർ ആവശ്യപ്പെട്ടിട്ടുണ്ടു്.

ശ്രീ. ആർ. സുഗതൻ: ട്രാൻസ്പോർട്ടു് ജീവനക്കാക്കു് കൊടുത്തിട്ടുള്ള പാസ്സുകൾ അനുസരിച്ചു് എട്ടു് മൈലിനകത്തുമാത്രമെ പോകാവൂ എന്നു്: ഈ കഴിഞ്ഞ ഒന്നാം തീയതി മുതൽ ഡയറക്ടർ ഒരു ആർഡർ അയച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. കെ. ടി. അച്യുതൻ: ട്രാൻസ്പോർട്ടു് ജീവനക്കാരെ സംബന്ധിച്ചിടത്തോളം ലാംഗു് റൂട്ടുകളിൽ ഇപ്പോഴത്തെ വ്യവസ്ഥ അങ്ങനെയാണു്. അതുകൊണ്ടാണു് ആർഡർ അയച്ചിട്ടുള്ളതു്. എന്നാൽ ഷട്ടിൽ സർവ്വീസിനെ സംബന്ധിച്ചിടത്തോളം അങ്ങനെയില്ല.

ശ്രീ. ഈ. പി. ഗോപാലൻ: ഫ്രീ പാസ്സുകൾ കൊണ്ടു സഞ്ചരിക്കുന്നവർക്കു ടിക്കറ്റു് കൊടുക്കണമെന്ന സമ്പ്രദായം നടപ്പാക്കുന്നതുമൂലം യാത്ര ചെയ്താലും ചെയ്തില്ലെങ്കിലും അതു് തെറ്റായ രീതിയിൽ അല്ലെങ്കിൽ ക്രിത്രിമമായ രീതിയിൽ ടിക്കറ്റുകൾ കൊടുക്കാനിടയുണ്ടു് എന്നറിയാമോ; ഇന്നദിക്കിൽനിന്നും ഇന്നദിക്കിലേക്കു് പോകുന്ന എന്നുള്ളതിലേക്കാണു് ടിക്കറ്റു് കൊടുക്കുന്നതു്. അതുമൂലം ബസ്സുകാർക്കു ക്രിത്രിമം കാണിക്കാൻ സഹായകമായിരിക്കും എന്നുള്ളതു് മനസ്സിലാക്കിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly